# കേരള സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ

## വാർഷിക റിപ്പോർട്ട്

**2022–2023**

# <u>ഉള്ളടക്കം</u>

**അദ്ധ്യായം**


1. **ആമുഖം**
2. **കമ്മിഷന്റെ രൂപീകരണം**
3. **കമ്മിഷനിലെ ഓഫീസർമാരും ജീവനക്കാരും**
4. **കമ്മിഷന്റെ വാർഷിക വരവ് ചെലവ് കണക്കുകൾ**
5. **കമ്മിഷന്റെ പ്രവർത്തനങ്ങൾ**
6. **കോടതികളിലോ ട്രൈബ്യൂണലുകളിലോ കമ്മിഷനോ / കമ്മിഷനെതിരായോ ഫയൽ ചെയ്ത കേസുകൾ**
7. **മറ്റ് പ്രസക്ത വിവരങ്ങൾ**
8. **ഉപസംഹാരം**

## അദ്ധ്യായം-1
## ആമുഖം

2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ ആക്ടിലെ 18-ാം വകുപ്പ് പ്രകാരമുള്ള 2022-23 സാമ്പത്തിക വർഷത്തിലെ കമ്മിഷന്റെ പ്രവർത്തനങ്ങളുടെ പൂർണ വിവരം നൽകുന്ന വാർഷിക റിപ്പോർട്ടാണിത്. 01-04-2022 മുതൽ 31-03-2023 വരെയുള്ള കമ്മിഷന്റെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്ന ഈ റിപ്പോർട്ട് കമ്മിഷന്റെ പത്താമത് വാർഷിക റിപ്പോർട്ടാണ്. 01.04.2021 മുതൽ 31.03.2022 വരെയുള്ള കമ്മിഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച ഒൻപതാമത് വാർഷിക റിപ്പോർട്ട് 2022 ഒക്ടോബർ മാസം സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്.

കേരള സംസ്ഥാനത്തിലെ ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടിയാണ് കേരള സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ ആക്ട് പ്രകാരം രൂപീകരിച്ചിട്ടുള്ളത്. എന്നാൽ 2013 മേയ് 15-ാം തീയതി 'കേരള സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ ഓർഡിനൻസ്' സർക്കാർ പുറപ്പെടുവിച്ചിരുന്നതിനാൽ മേൽപറഞ്ഞ ആക്ട് 2013 മേയ് 15-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധ, ജൈന, പാർസി എന്നീ മതങ്ങളിൽപെട്ടവരാണ് ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾ. കേരള സംസ്ഥാനത്തിലെ ന്യൂനപക്ഷങ്ങളുടെ വികസനങ്ങളിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക, അവരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി ഭരണഘടനയിലും മറ്റ് നിയമങ്ങളിലും ഉത്തരവുകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തനരീതി അന്വേഷിക്കുകയും നിരീക്ഷണ വിധേയമാക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനെ കുറിച്ചുള്ള പ്രത്യേക പരാതികളിന്മേൽ അന്വേഷണം നടത്തുകയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും അതുസംബന്ധിച്ച തുടർനടപടികൾ നിരീക്ഷിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക വികസനത്തിനും ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള നടപടികളും സംരക്ഷണ വ്യവസ്ഥകളും ഫലപ്രദമായി നടപ്പിലാക്കുന്നതിന് വേണ്ടി സർക്കാർ കൈക്കൊള്ളേണ്ട നടപടികൾ ശിപാർശ ചെയ്യുന്നതിനും സർക്കാരിന് റിപ്പോർട്ട് നൽകുകയും അവ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുകയും സെമിനാറുകൾ, സിമ്പോസിയം, ബോധവത്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളെ സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക, വിവിധ തൊഴിൽദാന പദ്ധതികളിലും സാമൂഹ്യ വികസന പദ്ധതികളിലും ന്യൂനപക്ഷങ്ങൾക്ക് ജനസംഖ്യാനുപാതികമായ പങ്ക് ഉറപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക എന്നിവയാണ് കമ്മിഷൻ നിർവ്വഹിക്കേണ്ട പ്രധാന ചുമതലകൾ.

## അദ്ധ്യായം-2
## <u>കമ്മിഷന്റെ രൂപീകരണം</u>

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ ആക്ട് 3(2) വകുപ്പ് പ്രകാരം കമ്മിഷനിൽ ഒരു ചെയർപേഴ്സൺ, ഒരു അംഗം, ഒരു വനിതാ അംഗം എന്നിവർ ഉണ്ടായിരിക്കേണ്ടതാണ്. ടി ആക്ടിലെ 4(1) വകുപ്പ് പ്രകാരം ഓരോ അംഗത്തിനും ഔദ്യോഗിക ചുമതലയേൽക്കുന്ന തീയതി മുതൽ മൂന്ന് വർഷം പൂർത്തിയാകുന്നതുവരെ തൽസ്ഥാനത്ത് തുടരാവുന്നതാണ്. നിലവിൽ കമ്മിഷനിൽ ചെയർപേഴ്സനും വനിത അംഗവും ഇല്ല. ചെയർപേഴ്സനും വനിത അംഗവും 05.10.2016 ൽ ചുമതലയേൽക്കുകയും 04.10.2019-ൽ മൂന്ന് വർഷത്തെ കാലാവധി പൂർത്തിയാക്കുകയും തുടർന്ന് 05.10.2019 മുതൽ മൂന്ന് വർഷത്തേക്ക് കൂടി അവരുടെ കാലവധി സർക്കാർ ദീർഘിപ്പിച്ചു നൽകുകയും ആയത് 04.10.2022-ൽ അവസാനിക്കുകയും ചെയ്തു. മറ്റൊരു അംഗമായ അഡ്വ. മുഹമ്മദ് ഫൈസൽ 15.05.2017-ൽ ചുമതലയേൽക്കുകയും 14.05.2020-ൽ മൂന്ന് വർഷ കാലാവധി പൂർത്തിയാക്കുകയും തുടർന്ന് 05.06.2020 -ൽ അദ്ദേഹത്തെ കമ്മിഷൻ അംഗമായി നിയമിച്ച് ഉത്തരവാകുകയും അന്നേ ദിവസം തന്നെ ചുമതലയേൽക്കുകയും ചെയ്തു. 04.06.2023 വരെ കാലാവധിയുള്ള അദ്ദേഹം മാത്രമാണ് നിലവിലെ കമ്മിഷനിൽ അംഗമായി തുടരുന്നത്.

## അദ്ധ്യായം-3
## കമ്മിഷനിലെ ഓഫീസർമാരും ജീവനക്കാരും

ആക്ടിലെ 3(3) വകുപ്പ് പ്രകാരം ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ കമ്മിഷന്റെ മെമ്പർ സെക്രട്ടറിയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ആയിരിക്കും. കമ്മിഷൻ അതിന്റെ ഉത്തരവ് മുഖേന അധികാരപ്പെടുത്തിയേക്കാവുന്ന വിധത്തിലുള്ള അധികാരങ്ങൾ മെമ്പർ സെക്രട്ടറി വിനിയോഗിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതും ആകുന്നു.

തിരുവനന്തപുരം, ശാസ്തമംഗലം, റ്റി. സി. 9/1023 (2), 'ആഞ്ജനേയ' എന്ന കെട്ടിടത്തിലെ ഒന്നാം നിലയിൽ കമ്മിഷൻ പ്രവർത്തിച്ചു വരുന്നു. കമ്മിഷനിലെ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും താഴെ പറയുന്നവരാണ്.

| ക്രമ നം | പേര് | തസ്തിക | എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | മിനിമോൾ വി.ജി. (05/05/2021 മുതൽ 04/05/2022 വരെ)<br>ദേവി എൽ. ആർ. (26/05/2022 മുതൽ റിപ്പോർട്ട് കാലയളവിൽ തുടരുന്നു) | മെമ്പർ സെക്രട്ടറി | 1 | 1,23,700-1,66,800 |
| 2 | സുരേഷ് കുമാർ എസ്. (03/03/2022 മുതൽ റിപ്പോർട്ട് കാലയളവിൽ തുടരുന്നു) | രജിസ്ട്രാർ | 1 | 1,18,100-1,63,400 |
| 3 | ജയ്മോഹൻ എൻ. (21/06/2022 മുതൽ റിപ്പോർട്ട് കാലയളവിൽ തുടരുന്നു) | ഫിനാൻസ് ഓഫീസർ | 1 | 95,600-1,53,200 |
| 4 | നൗഷാദ് എം. (06/09/2021 മുതൽ 05/09/2022 വരെ<br>ഹരികുമാർ ബി. (22/10/2022 മുതൽ റിപ്പോർട്ട് കാലയളവിൽ തുടരുന്നു) | സെക്ഷൻ ഓഫീസർ | 1 | 51,500-1,10,300 |
| 5 | അലക്സ് ജി.സി. (01/07/2021 മുതൽ 30/06/2022 വരെ)<br>അനിൽകുമാർ പി. (20/07/2022 മുതൽ റിപ്പോർട്ട് കാലയളവിൽ തുടരുന്നു)<br>ബൈജു ബി. (01/09/2021 മുതൽ 31/08/2022 വരെ)<br>ജോൺ ദാസ് ഡി. (19/11/2022 മുതൽ റിപ്പോർട്ട് കാലയളവിൽ തുടരുന്നു) | അസിസ്റ്റന്റ് | 2 | 45,600-95,600 |

| | | | | |
|---|---|---|---|---|
| 6 | അശ്വതി എസ്.<br>(03/11/2021 മുതൽ 02/11/2022 വരെ) | ജൂനിയർ അസിസ്റ്റന്റ്<br>/<br>ലോവർ ഡിവിഷൻ ക്ലാർക്ക് | 2 | 26,500-60,700 |
| | പ്രതിഭ ജെ.<br>(01/02/2023 മുതൽ റിപ്പോർട്ട് കാലയള വിൽ തുടരുന്നു) | | | |
| | രാഖി ആർ.സി<br>(03/11/2021 മുതൽ റിപ്പോർട്ട് കാലയള വിൽ തുടർന്നു) | | | |
| 7 | | ചെയർപേഴ്സന്റെ പേഴ്സണൽ അസിസ്റ്റന്റ് | 1 | കോൺട്രാക്ട് / ദിവസ വേതനം |
| 8 | ആനന്ദ് എസ്.<br>15/11/2022 മുതൽ റിപ്പോർട്ട് കാലയള വിൽ തുടരുന്നു) | ഓഫീസ് അറ്റൻഡന്റ് കം- ഡ്രൈവർ | 2 | 25100-57900 |
| | അരുൺ കെ.സി. മോഹൻ<br>(01/12/2022 മുതൽ റിപ്പോർട്ട് കാലയള വിൽ തുടരുന്നു) | | | |
| 9 | | പാർട്ട് ടൈം സ്വീപ്പർ | 1 | 8000 (കൺസോളി ഡേറ്റഡ്) |

പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീമതി മിനിമോൾ വി.ജി. മെമ്പർ സെക്രട്ടറിയായി 04/05/2022 വരെയും തുടർന്ന് 26/5/2022 മുതൽ പൊതുഭരണവകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീമതി ദേവി എൽ.ആർ. മെമ്പർ സെക്രട്ടറിയായി ചുമതല ഏൽക്കുകയും റിപ്പോർട്ട് കാലയളവിൽ തുടരുകയും ചെയ്തു. രജിസ്ട്രാർ തസ്തികയിൽ പൊതുഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീ. സുരേഷ് കുമാർ എസ്. 3/3/2021 മുതൽ റിപ്പോർട്ട് കാലയളവിൽ തുടർന്ന് വരുന്നു. ധനകാര്യവകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീ. ജയമോഹൻ എൻ 20/06/2022 മുതൽ റിപ്പോർട്ട് കാലയളവിൽ കമ്മിഷനിൽ ഫിനാൻസ് ഓഫീസറായി തുടരുന്നു.

**അദ്ധ്യായം 4**

**കമ്മിഷന്റെ വർഷിക വരവ് ചെലവ് കണക്കുകൾ**

***(ഓഡിറ്റ് ചെയ്യാത്തത്)***

ഫാറം നം. IV

ചട്ടം II കാണുക
(കേരള സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ ചട്ടങ്ങൾ, 2020)
കണക്കുകളുടെ പ്രസ്താവം

| | | |
|---|---|---|
| 1 | വർഷം | 2022-23 |
| 2 | അക്കൗണ്ട് ശീർഷകം | 2225-04-102-91 |
| 3 | നടപ്പു വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് | 1,88,25,000 |
| 4 | നടപ്പു വർഷം ഗ്രാന്റായി ലഭിച്ച ആകെ തുക | 1,74,32,465 |
| 5 | ചെലവ് | 1,65,32,151 |
| 6 | ശമ്പളവും ബത്തകളും | 1,52,42,505 |
| 7 | യാത്രാ ബത്ത/ദിന ബത്ത | 43,636 |
| 8 | മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | - |
| 9 | വാടക, വൈദ്യുതി, വെള്ളം | 6,24,696 |
| 10 | ഇന്ധനച്ചെലവ് | 89,304 |
| 11 | സ്റ്റേഷനറി/ഫർണിച്ചർ വാങ്ങിയതിനുള്ള ചെലവ് | 2,76,209 |
| 12 | ഇതര ഓഫീസ് ചെലവുകൾ | 2,55,801 |
| 13 | **ആകെ** | 1,65,32,151 |
| 14 | കമ്മിഷന്റെ കൈവശം നീക്കിയിരുപ്പ് / കമ്മി എന്നിവ ഉണ്ടെങ്കിൽ | **9,00,314** |
| ***നീക്കിബാക്കി മുൻ വർഷത്തെ 24,68,870 /- രൂപ ഉൾപ്പടെ*** | | |

## അദ്ധ്യായം-5
## കമ്മിഷന്റെ പ്രവർത്തനങ്ങൾ

കമ്മിഷൻ ആക്ടിലെ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ചെയർമാന് യുക്തമെന്ന് കരുതുന്ന സമയത്തും സ്ഥലത്തും, ആവശ്യമായി വരുമ്പോഴെല്ലാം കമ്മിഷൻ യോഗം ചേരാൻ നിർദ്ദേശിക്കുന്നുണ്ട്. ചുരുങ്ങിയത് മൂന്നു മാസത്തിലൊരിക്കലെങ്കിലും അങ്ങനെയുള്ള യോഗം ചേരുവാനും നിഷ്കർഷിച്ചിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ (01.04.2022 മുതൽ 31.03.2023 വരെ) **4 (നാല്)** തവണ കമ്മിഷൻ യോഗം ചേർന്നിട്ടുണ്ട്.

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ ആക്ടിലെ 9-ാം വകുപ്പിൽ പറയുന്ന ചുമതലകൾ നിർവഹിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ റിപ്പോർട്ട് കാലയളവിൽ കമ്മിഷൻ സ്വീകരിച്ചിട്ടുണ്ട്. ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ കുറിച്ച് സെമിനാറുകൾ കമ്മിഷൻ സംഘടിപ്പിച്ചിട്ടുണ്ട്. ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായുള്ള അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള ധാരാളം പരാതികൾ കമ്മിഷൻ മുമ്പാകെ വരികയും ടി പരാതികളിൽ അന്വേഷണം നടത്തി പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 കാലയളവിൽ 163 പരാതികൾ കമ്മിഷന് ലഭിച്ചു. ലഭിച്ച പരാതികളുടെയും തീർപ്പാക്കിയ പരാതികളുടെയും പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക 1

**കമ്മിഷൻ മുമ്പാകെ ഫയൽ ചെയ്ത പരാതികൾ**

| വർഷം | ഫയൽ ചെയ്ത പരാതികൾ | തീർപ്പാക്കിയ പരാതികൾ |
|---|---|---|
| 2022-23 | 163 | 73 |

മുൻ വർഷങ്ങളിൽ തീർപ്പാക്കാൻ ബാക്കിയുണ്ടായിരുന്ന പരാതികളിലും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ടി പരാതികൾ പരമാവധി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

പട്ടിക 2

| | |
|---|---|
| മുൻ വർഷങ്ങളിൽ ശേഷിച്ചവയിൽ തീർപ്പാക്കിയ പരാതികൾ | 33 |

പട്ടിക 3

**പരാതി സമർപ്പിച്ചവരുടെ മതം അടിസ്ഥാനമാക്കിയുള്ള പരാതി വിവരങ്ങൾ**

| വർഷം | ആകെ ലഭിച്ച പരാതികൾ | മുസ്ലിം | ക്രിസ്ത്യൻ | ബുദ്ധ | ജൈന | മറ്റുള്ളവ |
|---|---|---|---|---|---|---|
| 2022-23 | 163 | 107 | 43 | 3 | 0 | 10 |

പട്ടിക 4

**പരാതി സമർപ്പിച്ചവരുടെ ലിംഗാധിഷ്ഠിത തരംതിരിവ്**

| വർഷം | ആകെ ലഭിച്ച പരാതികൾ | പരാതി സമർപ്പിച്ചവർ | | മറ്റുള്ളവ (സംഘടനകൾ/ സ്ഥാപനങ്ങൾ/ സ്വമേധയാ) |
|---|---|---|---|---|
| | | പുരുഷൻമാർ | സ്ത്രീകൾ | |
| 2022-23 | 163 | 113 | 47 | 3 |

പട്ടിക 5

**പരാതിയിലെ വിഷയം**

| ക്രമം | പരാതി | എണ്ണം |
|---|---|---|
| 1 | മതപരമായ അവകാശ സംരക്ഷണം | 13 |
| 2 | ജീവനും സ്വത്തിനും സംരക്ഷണം | 20 |
| 3 | പോലിസ് അതിക്രമം | 13 |
| 4 | സാമ്പത്തിക അവകാശം | 15 |
| 5 | തൊഴിൽപരമായ സംഗതികൾ | 8 |
| 6 | വിദ്യാഭ്യാസം/സ്കോളർഷിപ്പ് | 14 |
| 7 | സർവ്വീസ് കാര്യങ്ങൾ | 16 |
| 8 | മറ്റുള്ളവ | 64 |
| | **ആകെ** | **163** |

കമ്മിഷന്റെ പ്രവർത്തനത്തെ പൊതുവിൽ മൂന്ന് വിഭാഗങ്ങളായി തിരിക്കാം.

1) പരാതികളിൽ സ്വീകരിക്കുന്ന നടപടികൾ
2) സ്വമേധയാ സ്വീകരിക്കുന്ന നടപടികൾ
3) പ്രശ്നങ്ങൾ പഠിക്കുന്നതിന് കമ്മീഷൻ നടത്തുന്ന സ്ഥല സന്ദർശനങ്ങൾ/ ജില്ലാതല യോഗങ്ങൾ

## 5.1 കമ്മിഷന്റെ തീരുമാനങ്ങൾ

കമ്മിഷന് ലഭിക്കുന്ന പരാതികളിന്മേൽ കമ്മിഷൻ അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും അതു സംബന്ധിച്ച തുടർനടപടികൾ നിരീക്ഷിക്കുകയും ചെയ്തുവരുന്നു.

റിപ്പോർട്ട് കാലയളവിൽ കമ്മിഷൻ പരിഗണിച്ച ചില പ്രധാന ഹർജികളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

**5.1.1 കേന്ദ്ര സർക്കാർ പദ്ധതിയായ സ്മാർട്ട് സിറ്റി മിഷനിൽ ഉൾപ്പെടുത്തി കൊച്ചി നഗരസഭയിലെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിലെ ജനങ്ങൾക്ക്, പ്രത്യേകിച്ചും ന്യൂനപക്ഷങ്ങൾക്ക്, കുടിവെള്ളം, ഭവനം, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന**

**തിന് നിർവ്വഹണ ഏജൻസിയായ കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് (സി.എസ്.എം.എൽ) അലംഭാവം കാണിക്കുന്നത് സംബന്ധിച്ച്. (എം.സി.ഒ.പി. നം. 317/2019)**

കേന്ദ്ര സർക്കാർ പദ്ധതിയായ സ്മാർട്ട് സിറ്റി മിഷൻ പ്രകാരം കൊച്ചി നഗരസഭയിലെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങൾ ആഗോള നിലവാരത്തിൽ ഉയർത്താനുള്ള വികസന പദ്ധതികൾ നടപ്പാക്കുകയാണെന്നും കൊച്ചി നഗരസഭയിലെ 1-5 ഡിവിഷനുകൾ ഉൾപ്പെടുന്ന ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി ഭാഗത്താണ് കേരളത്തിലെ ഏറ്റവും വലിയ ചേരി പ്രദേശവും അതോടൊപ്പം ഭൂരഹിതർ ഏറ്റവും അധികം തിങ്ങിപ്പാർക്കുന്നതെന്നും അവിടെ താമസിക്കുന്നവരിൽ 78 ശതമാനം കുടുംബങ്ങളും ന്യൂനപക്ഷ വിഭാഗത്തിൽപെട്ടവരാണെന്നും ഭൂരഹിതർക്കായുള്ള ഭവന പദ്ധതിക്കാണ് പ്രദേശത്ത് മുൻഗണന നൽകേണ്ടതെന്നും ആയതിനാൽ പ്രദേശത്തിന്റെ സാമൂഹിക സുരക്ഷ പരിഗണിച്ച് സ്മാർട്ട് സിറ്റി പദ്ധതിയിലെ ഭവന പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 120 കോടി രൂപ ഭൂരഹിതരായ കുടുംബങ്ങളുടെ പുനരധിവാസത്തിന് ഉപയോഗപ്പെടുത്തുന്നതിനും അതിനായി ഭൂമി ലഭ്യമാക്കുന്നതിനും പദ്ധതി വേഗത്തിൽ പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ് ശ്രീ. ജെയ്ഫിൻ കെരീം, പ്രൊജക്ട് ഓഫീസർ, സൺറൈസ് കൊച്ചി, ഡി.ഐ.റ്റി ബിൽഡിംഗ്, ഫോർട്ട് കൊച്ചി - 682 001 കമ്മിഷൻ മുമ്പാകെ സമർപ്പിച്ച ഹർജിയിലെ ആവശ്യം.

കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെയും കൊച്ചി മുൻസിപ്പൽ കോർപ്പറേഷന്റെയും തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെയും റിപ്പോർട്ടുകൾ കമ്മിഷൻ വിശദമായി പരിശോധിച്ചു. സ്മാർട്ട് സിറ്റി മിഷൻ പ്രകാരം കൊച്ചി നഗരസഭയിലെ 1-5 ഡിവിഷനുകളിലെ ഭവന പദ്ധതിയുടെ ഭാഗമായ ബഹുനിലകെട്ടിട നിർമാണ പദ്ധതി പൂർത്തീകരണത്തിൽ കാലതാമസമുള്ളതായും കെട്ടിട നിർമ്മാണത്തിന് സ്ഥലത്തിന്റെ പരിമിതിയുള്ളതായും കെട്ടിടത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ തുക കൈമാറുന്നതിൽ കാലതാമസമുള്ളതായും ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭയുടെ 1-5 വരെയുള്ള ഡിവിഷനുകളിലെ സ്മാർട്ട് സിറ്റി മിഷന്റെ ഭാഗമായ ബഹുനിലകെട്ടിട നിർമ്മാണത്തിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള അടിയന്തര നടപടികൾ പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിക്കേണ്ടതും ബഹുനിലകെട്ടിട നിർമാണ പദ്ധതി പൂർത്തീകരിക്കുന്നതിന് അംഗീകരിച്ചിട്ടുള്ള തുക കാലതാമസം കൂടാതെ കൈമാറുന്നതിനും ബഹുനിലകെട്ടിട നിർമാണ പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡും, തദ്ദേശ സ്വയംഭരണ വകുപ്പും സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ച് ഉത്തരവായി.

**5.1.2 വഴി സംബന്ധമായി ആലുവ മുൻസിഫ് കോടതിയിൽ നിലവിലുള്ള OS 152/2020-ാം നമ്പർ കേസിൽ ആലുവ ഈസ്റ്റ് പോലീസ്, സ്റ്റേഷൻ ഹൗസ് ഓഫീസർ നിയമവിരുദ്ധമായി ഇടപെട്ട് ഹർജിക്കാരനെ ഭീഷണിപ്പെടുത്തുന്നത് സംബന്ധിച്ച്. (എം.സി.ഒ.പി. നം. 144/2021)**

ഹർജിക്കാരനായ ശ്രീ. നൗഷാദ്, (S/o സുലൈമാൻ, മംഗലപറമ്പ് വീട്, തുരുത്ത് കരയിൽ, ആലുവ പി.ഒ, എറണാകുളം - 683 101) ഓട്ടോറിക്ഷയിൽ പച്ചക്കറികളും മറ്റും

കൊണ്ടുനടന്ന് വിൽക്കുന്ന ജോലിയാണ് ചെയ്യുന്നത്. പുളിക്കായത്ത് വീട്ടിൽ അബ്ദുൽഖാദർ, ടി-യാന്റെ ഭാര്യ റംലത്ത് എന്നിവരിൽ നിന്നും 915/2017-ാം നമ്പർ തീറാധാരപ്രകാരം കിഴക്ക് വശത്തുള്ള സ്വകാര്യ വഴിയിലൂടെയുള്ള ഗതാഗതാവകാശസഹിതം ഹർജിക്കാരൻ വസ്തു തീറ് വാങ്ങി അതിൽ പുരവെച്ച് താമസിച്ചുവരവെ, ടി വഴിയിലൂടെ ഹർജിക്കാരനും കുടുംബവും ഗതാഗതം ചെയ്യുന്നതിനെ അബ്ദുൾ ഖാദർ ചോദ്യം ചെയ്യുകയും ആലുവ മുൻസിഫ് കോടതിയിൽ OS 152/2020-ാം നമ്പറായി കേസ് കൊടുക്കുകയും ടി കേസിൽ വഴിയരികിൽ നിൽക്കുന്ന വൃക്ഷങ്ങളും മറ്റും വെട്ടിമാറ്റരുതെന്നും പറഞ്ഞ് ഒരു താൽകാലിക നിരോധന ഉത്തരവ് സമ്പാദിക്കുകയുമുണ്ടായി. ടി വഴിയിലൂടെ ഹർജിക്കാരൻ ഗതാഗതം ചെയ്യുന്നതിനെതിരെ യാതൊരു ഉത്തരവും മുൻസിഫ് കോടതി പുറപ്പെടുവിച്ചിട്ടില്ല. വഴി സംബന്ധമായി ഒരു പരാതി അബ്ദുൾഖാദർ ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ സമർപ്പിക്കുകയും 04/10/2021-ാം തീയതി രാവിലെ പോലീസ് സ്റ്റേഷനിൽ ഹാജരായ ഹർജിക്കാരനെ എസ്.എച്ച്.ഒ ഭീഷണിപ്പെടുത്തുകയും പിടിച്ച് നിർത്തുകയും ഒടുവിൽ അഭിഭാഷകന്റെ ഇടപെടൽ മുഖേന വൈകുന്നേരം 4 മണിക്ക് വെള്ള പേപ്പറിൽ ഒപ്പ് രേഖപ്പെടുത്തി പറഞ്ഞുവിടുകയും ചെയ്തുവെന്നും അന്നേദിവസം കച്ചവടത്തിനായി വാങ്ങിയ 7500/-രൂപ വിലവരുന്ന പച്ചക്കറികൾ നശിച്ചുപോവുകയും മുൻസിഫ് കോടതിയിൽ നിലവിലുള്ള കേസിൽ എസ്.എച്ച്.ഒ നിയമവിരുദ്ധമായി ഇടപെട്ട് ഹർജിക്കാരനെ പിന്നീടും ബുദ്ധിമുട്ടിക്കുകയും കള്ളക്കേസിൽ കുടുക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ-യുടെ നിയമവിരുദ്ധ പ്രവൃത്തികൾ തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഹർജിയിലെ ആവശ്യം.

കമ്മിഷൻ മുമ്പാകെ ഒന്നാം എതിർകക്ഷിയായ ജില്ലാ പോലീസ് മേധാവി, എറണാകുളം റൂറൽ, രണ്ടും മൂന്നും എതിർകക്ഷിയായ സംഭവകാലത്തെ ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ സുധീർ സി.എൽ എന്നിവർ സമർപ്പിച്ച റിപ്പോർട്ടുകൾ വിശദമായി പരിശോധിക്കുകയും, 15/06/2022-ൽ വിശദമായ തെളിവെടുപ്പിന്റെ ഭാഗമായി നടന്ന വിചാരണയിൽ ഹർജിക്കാരനും എതൃകക്ഷികളും തെളിവുകൾ ഹാജരാക്കുകയും നാലാം എതൃകക്ഷിയായ അബ്ദുൾഖാദറിനെയുൾപ്പടെ വിസ്തരിക്കുകയും ചെയ്യുകയുണ്ടായി. കമ്മിഷൻ മുമ്പാകെ നടന്ന വാദമുഖങ്ങളുടെയും ചർച്ചകളുടെയും വെളിച്ചത്തിൽ ആലുവ മുൻസിഫ് കോടതിയുടെ പരിഗണനയിലുള്ള ഒ.എസ് 152/2020-ാം നമ്പർ കേസിലെ വഴി സംബന്ധമായ തർക്കത്തിൽ എതൃകക്ഷിയായ എസ്.എച്ച്.ഒ നിയമവിരുദ്ധമായി ഇടപെട്ടുവെന്നും ഹർജിക്കാരനെ ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ വിളിച്ച് വരുത്തി തടഞ്ഞു വച്ചുവെന്നും ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ യുടെ നിയമ വിരുദ്ധമായ പ്രവൃത്തി കാരണം 7500/- രൂപയ്ക്ക് സമാഹരിച്ച പച്ചക്കറി വിൽക്കാൻ കഴിയാതിരുന്നതിനാൽ ആയതിന്റെ വിലയും 1000/- രൂപയുടെ തൊഴിൽ വരുമാനവും നഷ്ടപ്പെട്ടതു കാരണം ഹർജിക്കാരന്റെ കച്ചവടത്തിൽ 8500/- രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടായിയെന്നും ടി തുക നഷ്ടപരിഹാരമായി ഹർജിക്കാരന് സർക്കാർ നൽകേണ്ടതും ടി തുക മൂന്നാം എതിർകക്ഷിയായ എസ്.എച്ച്.ഒയിൽ നിന്നും സർക്കാരിന് ഈടാക്കാവുന്നതും നഷ്ടപരിഹാര സംഖ്യ ഹർജിക്കാരന് അടിയന്തിരമായി നൽകുന്നതിനും നിയമവിരുദ്ധ പ്രവൃത്തി ചെയ്ത ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ-യ്ക്ക് എതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ആഭ്യന്തര വകുപ്പിന് ശിപാർശ ചെയ്ത് ഉത്തരവായി.

**5.1.3 സുഭിക്ഷ കേരളം പദ്ധതി പ്രകാരം നടത്തിവരുന്ന മത്സ്യക്കൃഷിക്ക് വൈദ്യുതി കണക്ഷൻ നിഷേധിച്ചത് സംബന്ധിച്ച്. (എം.സി.ഒ.പി. നം. 76/2022)**

സുഭിക്ഷ കേരളം പദ്ധതി പ്രകാരം ഫിഷറീസ് വകുപ്പിന്റെ സാങ്കേതിക സാമ്പത്തിക സഹായത്തോടെ നിയമാനുസൃതമായ അനുമതികളോടെ കഠിനംകുളം കായലിൽ കരിച്ചാറ കടവ് ഭാഗത്ത് ശ്രീമതി. ഷംന സജി, കടകത്ത് വീട്, പള്ളിപ്പുറം, കണിയാപുരം പി.ഒ, തിരുവനന്തപുരം നടത്തി വരുന്ന മത്സ്യകൃഷിക്ക് ആവശ്യമായ ഉപകരണങ്ങൾക്കും സി.സി.ടി.വി പ്രവർത്തിക്കുന്നതിനും വൈദ്യുതി കണക്ഷനുവേണ്ടി ഫിഷറീസ് വകുപ്പിന്റെ സാക്ഷ്യപത്രം സഹിതം കണിയാപുരം കെ.എസ്.ഇ.ബി ഓഫീസിൽ അപേക്ഷ നൽകിയിട്ടും കണിയാപുരം ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ വ്യക്തിവിരോധ ത്തിന്റെ പേരിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് തടസ്സങ്ങൾ സൃഷ്ടിക്കുകയാ ണെന്നും ഇക്കാര്യത്തിൽ കമ്മിഷൻ ഇടപ്പെട്ട് പരിഹാരനടപടി സ്വീകരിക്കണമെന്നുമാണ് ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചീനിയർ, അണ്ടൂർക്കോണം, കഠിനംകുളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവരുടെ റിപ്പോർട്ടുകൾ കമ്മിഷൻ പരിശോധിച്ചു. കഠിനം കുളം കായലിന്റെ കരയിൽ നിന്നും 18 മീറ്റർ കായലിലേയ്ക്ക് മാറി ഏകദേശം 2.5 മീറ്റർ ആഴമുള്ള പ്രദേശത്താണ് ഹർജിക്കാരി കൂടുകൾ സ്ഥാപിച്ച് മത്സ്യക്കൃഷി നടത്തുന്നതെന്ന് റിപ്പോർട്ടുകളിൽ പരാമർശിക്കുന്നു. കായൽക്കരയിലൂടെയുള്ള പഞ്ചായത്ത് റോഡിൽ സ്ഥാപിച്ചിരിക്കുന്ന KC 85/46-ാം നമ്പർ വൈദ്യുതി പോസ്റ്റിൽ മീറ്റർ ബോർഡും മറ്റ് അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനാണ് ഹർജി ക്കാരി ആവശ്യപ്പെടുന്നതെന്നും എന്നാൽ പരാമർശ വൈദ്യുതി പോസ്റ്റിന്റെ അധികാര പരിധി സംബന്ധിച്ച് അണ്ടൂർക്കോണം, കഠിനംകുളം ഗ്രാമപഞ്ചായത്തുകൾ തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ടെന്നും ഹർജിക്കാരിയുടെ പദ്ധതി കായൽ കയ്യേറിയാണെന്ന് അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് അരോപിക്കുകയും പദ്ധതിക്കെതിരായ നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുള്ളതായി റിപ്പോർട്ടുകളിൽ കാണുന്നു.

ഹർജിക്കാരിയുടെ മത്സ്യകൃഷി സുഭിക്ഷകേരളം പദ്ധതി പ്രകാരം ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെയും അനുമതിയോടെയും കൂടിയാണ് ചെയ്യുന്നത്. മത്സ്യ കൃഷിയുമായി ബന്ധപ്പെട്ട സി.സി.ടി.വി മുതലായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ഹർജി ക്കാരി വൈദ്യുതി കണക്ഷന് തിരുവനന്തപുരം മേഖല നൽകിയിട്ടുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെയും സാക്ഷ്യപത്രത്തിന്റെയും മറ്റു അനുവാദങ്ങളുടെയും അടിസ്ഥാനത്തി ലാണ് ഹർജിക്കാരി കായലിൽ മത്സ്യകൃഷി ചെയ്യുന്നത്. ഈ സാഹചര്യത്തിൽ കായൽ തീരം കയ്യേറി പാർക്ക് മുതലായവ നിർമ്മിച്ച കയ്യേറ്റക്കാരുടെ കൂട്ടത്തിൽ ഹർജിക്കാരിയെ ഉൾപ്പെടുത്തുന്നത് ഉചിതമാണെന്ന് തോന്നുന്നില്ല. മത്സ്യകൃഷിയുടെ വളർച്ചയ്ക്ക് പ്രധാന്യം നൽകുന്ന നയമാണ് സംസ്ഥാന സർക്കാരിന്റേത്. ആ നയത്തിന് അനുസൃതമായിട്ടുള്ള തുടർ നടപടിപകളാണ് ഓരോ വകുപ്പിൽ നിന്നും പൊതുജനം പ്രതീക്ഷിക്കുന്നത്. ആയതി നാൽ കായൽ പ്രദേശം മുഴുവനും അനധികൃതമായ കയ്യേറ്റമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയെ ആ ഗണത്തിൽ ഉൾപ്പെടുത്തി ടിയാരിക്ക് KP/KC/ 86/45-

mw നമ്പർ പോസ്റ്റിൽ നിന്നും വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് അനുവാദം നൽകേണ്ടതില്ലെന്ന് അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചത് പുനഃപരിശോധിക്കേണ്ടതാണെന്ന് കമ്മിഷൻ കരുതുന്നു.

ഹർജിക്കാരിക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് എ.ഡി.എം-ന്റെ തീരുമാനമോ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് തിരുവനന്തപുരം മേഖലയിൽ നിന്നും മറുപടി വേഗത്തിൽ ലഭിക്കുന്നതിന് ആവശ്യമായ നടപടി കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചീനിയർ അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്നും മത്സ്യകൃഷിയ്ക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അനുവാദം കിട്ടുന്നതിനായി ഹർജിക്കാരി അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന് പുനഃപരിശോധന ഹർജി നൽകുകയാണെങ്കിൽ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് ഭരണ സമിതി അനുഭാവപൂർവ്വം പരിഗണിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് കമ്മിഷൻ ഉത്തരവായി.

### 5.1.4 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രത്തിലെ പൂർവ്വ വിദ്യാർത്ഥികൾക്ക് കമ്പയിന്റ് സ്റ്റഡി നടത്തുന്നതിന് പ്രിൻസിപ്പാൾ സ്ഥലം അനുവദിക്കത്തതിനെ സംബന്ധിച്ച്. (എം.സി.ഒ.പി.നം. 108/2022)

ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിന്റെ കീഴിൽ കൊടുങ്ങല്ലൂരിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രത്തിലെ 2022 ജനുവരി - ജൂൺ ബാച്ചിൽ പരിശീലനം നേടിയ റിൻസി വി.ആർ-ഉം മറ്റ് 5 പേരും കമ്മിഷനിൽ ഫയൽ ചെയ്ത പരാതിയിൽ പരിശീലന കേന്ദ്രത്തിൽ കമ്പയിൻ സ്റ്റഡി നടത്തുന്നതിന് പ്രിൻസിപ്പാൾ സ്ഥലം അനുവദിക്കുന്നില്ലെന്നും ഓഫീസ് അനുമതിയോടെ വിദ്യാർത്ഥികൾ വിനോദയാത്രയ്ക്ക് പോയതാണ് കമ്പയിൻഡ് സ്റ്റഡി നടത്തുന്നതിന് സ്ഥലം അനുവദിക്കാതിരിക്കുന്നതിന് കാരണമെന്നും വിനോദയാത്രയുടെ മറ്റ് വിശദാംശങ്ങൾ പ്രിൻസിപ്പാളിനെ അറിയിക്കുവാൻ ശ്രമിച്ചെങ്കിലും ഹർജിക്കാരെ കാണാൻ അനുവദിക്കാതെ ആക്ഷേപിച്ച് ഇറക്കിവിടുകയും ഹർജിക്കാർക്കെതിരെ നടപടിയെന്നോണം കമ്പയിൻഡ് സ്റ്റഡിയ്ക്ക് സ്ഥലം അനുവദിക്കുന്നില്ലെന്നും അതുകൊണ്ട് കൊടുങ്ങല്ലൂർ ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രത്തിൽ തന്നെ മറ്റ് പൂർവ്വ വിദ്യാർത്ഥികളോടൊപ്പം ഹർജിക്കാർക്കും കമ്പയിൻഡ് സ്റ്റഡി നടത്തുന്നതിന് സ്ഥലം അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്.

എതിർകക്ഷിയായ പ്രിൻസിപ്പാൾ കമ്മിഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ, ഹർജിക്കാരിൽ നിന്നും ഗുരുതരമായ അച്ചടക്ക ലംഘനം ഉണ്ടായിട്ടുണ്ടെന്നും അതുകൊണ്ട് ഹർജിക്കാരെ കോഴ്സ് പൂർത്തിയാക്കി പോകാൻ അനുവദിക്കുകയാണ് ചെയ്തതെന്നും ഹർജിക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചില്ലെന്നും പ്രസ്താവിച്ചിട്ടുണ്ട്. ഗുരുതരമായ എന്ത് അച്ചടക്ക ലംഘനമാണ് ഹർജിക്കാരുടെ ഭാഗത്തുനിന്നും ഉണ്ടായതെന്ന് പ്രിൻസിപ്പാൾ വ്യക്തമാക്കിയിട്ടില്ലാത്തതും, പരിശീലനം ലഭിക്കുന്നതിന് താത്പര്യം കാണിച്ച് പരിശീലന കേന്ദ്രത്തിൽ വരുന്നവരെ നിസ്സാര കാര്യങ്ങൾ പറഞ്ഞ് സ്ഥാപനത്തിൽ നിന്നും അകറ്റുകയും പിന്തിരിപ്പിക്കുകയും ചെയ്യുന്ന സമീപനം പ്രിൻസിപ്പാൾമാരുടെ ഭാഗത്തുനിന്നും ഉണ്ടാകുവാൻ പാടില്ലാത്തതാണെന്ന് കമ്മിഷൻ നിരീക്ഷിച്ചു. ഈ സാഹചര്യത്തിൽ ഹർജിക്കാർക്ക് കൊടുങ്ങല്ലൂർ ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രത്തിൽ തന്നെ കമ്പയിൻഡ്

സ്റ്റഡി നടത്താൻ അനുവദിക്കുന്നതിന് നടപടികൾ ന്യൂനപക്ഷ ഡയറക്ടർ അടിയന്തരമായി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് ഉത്തരവായി.

### 5.1.5 പുഴയോരത്ത് സംരക്ഷണ ഭിത്തി കെട്ടുന്നതിന് അനുമതി നിഷേധിച്ച് പറവൂർ വില്ലേജ് ഓഫീസർ വിവേചനപരമായി പെരുമാറുന്നതിനെ സംബന്ധിച്ച്. (എം.സി.ഒ.പി നം. 10/2022)

പറവൂർ വില്ലേജിൽ ഏഴിക്കര ഗ്രാമപഞ്ചായത്തിൽ 13-ാം വാർഡിൽ സർവ്വെ നമ്പർ 177/9 A-യിൽപെട്ടതും പുഴയോരത്ത് സ്ഥിതിചെയ്യുന്നതുമായ 40 സെന്റ് സ്ഥലം സംരക്ഷിക്കുന്നതിനായി പുഴയോരത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നത് നിർത്തി വെയ്ക്കണമെന്ന് ആവശ്യപ്പെട്ട് പറവൂർ വില്ലേജ് ഓഫീസർ സ്റ്റോപ്പ് മെമ്മോ നൽകിയെന്നും സ്റ്റോപ്പ് മെമ്മോ പിൻവലിക്കാത്തതിനാൽ അപരിഹാര്യമായ നഷ്ടം ഉണ്ടായിയെന്നും അതോടൊപ്പം, ടി സ്ഥലത്തിന്റെ ഒരു ഭാഗം പണയപ്പെടുത്തി ബാങ്കിൽ നിന്ന് ലോൺ ലഭ്യമാക്കുന്നതിന് വില്ലേജ് ഓഫീസിൽ നിന്നും ROR സർട്ടിഫിക്കറ്റിനായി അപേക്ഷിക്കുകയും ഒന്നര മാസത്തോളം ഹർജിക്കാരന് ടി സർട്ടിഫിക്കറ്റ് നൽകുവാൻ വില്ലേജ് ഓഫീസ് തയ്യാറിയില്ലെന്നും അതുമൂലം ഹർജിക്കാരന് സാമ്പത്തിക നഷ്ടം സഹിക്കേണ്ടിവന്നുവെന്നും ആയതിനാൽ ടി വില്ലേജ് ഓഫീസർക്കെതിരെ നടപടി സ്വീകരിച്ച് ഹർജിക്കാരന് (ശ്രീ. കെ. ആർ. ജോളി) നീതി ലഭ്യമാക്കുന്നതിന് കമ്മിഷൻ ഇടപെടണമെന്നാണ് ഹർജിയിലെ ആവശ്യം.

പറവൂർ വില്ലേജ് ഓഫീസർ വി.ആർ. ഗോപകുമാറും എറണാകുളം ജില്ലാ കളക്ടറിനു വേണ്ടി പറവൂർ തഹസിൽദാറും കമ്മിഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ച് കമ്മിഷൻ താഴെ പറയുന്ന പരിഹാര നടപടി നിർദ്ദേശിക്കുകയുണ്ടായി:

ഹർജിക്കാരന്റെ വസ്തുവിന്റെ പുഴയുമായുള്ള അതിർത്തി താലൂക്ക് സർവേയർ മുഖാന്തരം അളന്ന് നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പറവൂർ തഹസിൽദാർ സ്വീകരിക്കേണ്ടതും ഹർജിക്കാരന് ROR സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി പറവൂർ വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടും സർട്ടിഫിക്കറ്റ് നൽകുവാൻ കാലതമാസമുണ്ടായി എന്ന പരാതിയെപ്പറ്റി എറണാകുളം ജില്ലാ കളക്ടർ അന്വേഷണം നടത്തി നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 5.1.6 സിവിൽ സ്വഭാവമുളള തർക്കത്തിൽ പോലീസിന്റെ ഇടപെടൽ സംബന്ധിച്ച്. (എം.സി.ഒ.പി.നം. 113/2022)

അസീൽ മുഹമ്മദ് ബൈത്തൂൽ, സഫ ഹാജി റോഡ്, പാപ്പിനിശേരി, കണ്ണൂർ എന്നയാൾ കാസറഗോഡ് സ്വദേശിയായ റമീസ് അഹമ്മദ് എന്നയാളിൽ നിന്ന് KL-38G-5055 എന്ന കാർ 3,45,000/- രൂപ നൽകി എഗ്രിമെന്റ് പ്രകാരം ലീസിന് എടുത്ത് ഉപയോഗിച്ചുവരവെ 21.08.2022 ന് ഹർജിക്കാരന്റെ അനുജൻ കുടുംബത്തിലെ ഒരു കല്യാണ ആവശ്യത്തിനു പോകുംവഴി വാഹനം പോലീസ് കസ്റ്റഡിയിൽ എടുത്തുവെന്നും കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷനിൽ അന്വേഷിച്ചപ്പോൾ മോശം പെരുമാറ്റമാണ് ഉണ്ടായതെന്നും

മോഷണം പോയ കാറാണ് കസ്റ്റഡിയിൽ എടുത്തതെന്നുള്ള വാർത്ത മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുകയും ആയത് വളരെയധികം ആഘാതവും അപമാനവും ഉണ്ടാക്കിയെന്നും കാസറഗോഡ് ടൗൺ പോലീസ് എസ്.എച്ച്.ഒ നിയമ വിരുദ്ധമായി കസ്റ്റഡിയിൽ എടുത്ത കാർ വിട്ടുകിട്ടുന്നതിനും അപമര്യാദയായും നിയമവിരുദ്ധമായും പെരുമാറിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കണമെന്നുമാണ് ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

പരാതിയിൽ എതിർകക്ഷികളുടെ റിപ്പോർട്ടുകൾ പരിശോധിച്ചതിൽ ഒരു സിവിൽ തർക്കത്തിലാണ് പോലിസ് കാർ കസ്റ്റഡിയിൽ എടുത്തിട്ടുള്ളതെന്നും സിവിൽ കോടതി മുഖാന്തരം തീർപ്പാക്കാനുള്ള കേസിനെ കോടതിയുടെ അധികാരം കൈയിലെടുത്ത കാസർഗോഡ് എസ്.എച്ച്.ഒ യുടെ നടപടി നിയമവിരുദ്ധവും തന്റെ അധികാര പരിധിക്ക് പുറത്തുള്ളതും സംഭവിക്കാൻ പാടില്ലാത്തതുമാണെന്ന് കമ്മിഷൻ നിരീക്ഷിക്കുകയുണ്ടായി. സിവിൽ തർക്കങ്ങളിൽ പോലീസ് ഇടപെടരുതെന്ന സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലറുകളും നിർദ്ദേശങ്ങൾക്കും വിരുദ്ധമായ പ്രവർത്തിയാണ് കാസർഗോഡ് പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായതെന്നും കമ്മിഷൻ വിലയിരുത്തി. ഈ സാഹചര്യത്തിൽ പരാതി സംഗതിയും അതിൻമേൽ കാസർഗോഡ് പോലീസ് കൈക്കൊണ്ട നടപടികളും കണ്ണൂർ റേഞ്ച് ഡിഐജി വിശദമായി അന്വേഷിക്കേണ്ടതും പരാതിക്കാരന് നീതി ലഭിക്കുന്നതിന് വേണ്ട നടപടികൾ എടുക്കുന്നതിനും നിർദ്ദേശിച്ച് ഉത്തരവായി.

### 5.1.7 മതം മാറ്റത്തെ തുടർന്നുള്ള പേരുമാറ്റം മകന്റെ ജനന സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്താത്തതിനെതിരായ പരാതി സംബന്ധിച്ച്. (എം.സി.ഒ.പി. നം 81/2022)

മുഹമ്മദ് റൈഹാൻ എന്ന ഹർജിക്കാരൻ 2016-ൽ ഇസ്ലാം മതം സ്വീകരിക്കുകയും മുമ്പുണ്ടായിരുന്ന ബിബീഷ് എന്ന പേരും മേൽവിലാസവും ഗസറ്റിൽ മാറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ 10-ാം ക്ലാസിൽ പഠിക്കുന്ന ഹർജിക്കാരന്റെ മകന്റെ സ്കൂൾ രേഖകളിൽ പിതാവിന്റെ പേരും മേൽവിലാസവും മാറ്റുന്ന ആവശ്യത്തിലേക്കായി മകന്റെ ജനന സർട്ടിഫിക്കറ്റ് മാറ്റം വരുത്തുന്നതിനായി കുന്നംകുളം മുനിസിപ്പാലിറ്റിയിൽ രേഖകൾ സമർപ്പിച്ചപ്പോൾ മകന്റെ പേര് മാറ്റാം എന്നും പിതാവിന്റെ പേര് മാറ്റാൻ സാധിക്കില്ല എന്നും അറിയിക്കുകയുണ്ടായി. ആയതിനാൽ അവർക്കെതിരെ നടപടിയെടുത്തു കമ്മീഷൻ ഇടപെട്ട് ജനന സർട്ടിഫിക്കറ്റ് തിരുത്തൽ വരുത്തി ലഭ്യമാക്കണമെന്നാണ് ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

തൃശൂർ ജില്ലാ കളക്ടർ, ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ്, സെക്രട്ടറി കുന്നംകുളം മുനിസിപ്പാലിറ്റി, പ്രിൻസിപ്പാൾ, സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ പാവറട്ടി എന്നിവരിൽനിന്ന് റിപ്പോർട്ട് തേടുകയുണ്ടായി. 14/07/2022 ൽ തൃശൂർ കളക്ടറേറ്റിൽ വച്ച് നടന്ന സിറ്റിങ്ങിൽ ഗവൺമെന്റ് ഓർഡർ GO(P)No.38/2012/ G.Edn അനുസരിച്ച് സ്കൂളിൽ നിന്നും സർട്ടിഫിക്കറ്റുകൾ നൽകിയാൽ പേര് തിരുത്തി നൽകാം എന്ന് കുന്നംകുളം നഗരസഭ സെക്രട്ടറി കമ്മിഷൻ മുമ്പാകെ അറിയിക്കുകയുണ്ടായി. നിരവധി സ്കൂളുകളിലെ പ്രിൻസിപ്പൽമാർ അപ്രകാരം സർട്ടിഫിക്കറ്റുകൾ നൽകിയതിന്റെ തെളിവുകൾ സെക്രട്ടറി ഹാജരാക്കുകയുണ്ടായി. പരാതിക്കാരന്റെ ആവശ്യം ന്യായവും നീതിയുക്തവും ഗസറ്റ് വിജ്ഞാപനം വഴി പേരുകൾ മാറ്റിയിട്ടുള്ളതും ബന്ധപ്പെട്ട നിയമവ്യവസ്ഥ

കളും നടപടിക്രമങ്ങളും പാലിച്ചിട്ടുള്ളതിനാലും, മറ്റു സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ സ്വീകരിച്ചിട്ടുള്ള മാതൃക പിൻതുടർന്ന് സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ അധികൃതർ പരാതിക്കാരന്റെ മകന്റെ പേര് തിരുത്തി പതിനഞ്ച് ദിവസത്തിനകം നൽകേണ്ട താണെന്നും, ടി സ്കൂൾ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരന്റെ അപേക്ഷ പ്രകാരമുള്ള തിരുത്തലുകൾ നൽകി 15 ദിവസത്തിനകം കുന്നംകുളം മുനിസിപ്പൽ സെക്രട്ടറി നൽകേണ്ടതാണെന്നും നിർദ്ദേശിച്ച് കമ്മിഷൻ ഉത്തരവായി.

**5.1.8 സർവ്വീസ് സഹകരണ ബാങ്കിൽ സ്ഥിരനിയമനം നൽകണമെന്ന ആവശ്യം സംബന്ധിച്ച്. (എം.സി.ഒ.പി.നം.72/2022)**

കൊരട്ടി 590-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കിൽ ദിവസവേതനാടിസ്ഥാന ത്തിൽ 1999 മുതൽ തുടരുന്ന 54 വയസുള്ള ഹർജിക്കാരിക്ക് മറ്റൊരു ജോലിക്ക് അപേക്ഷി ക്കാൻ സാധിക്കാത്തതിനാൽ ടിയാനെ സ്ഥിരപ്പെടുത്തുന്നതിലേക്കായി സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യണമെന്നാണ് ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

പരാതിയിൻമേൽ കമ്മിഷൻ തൃശൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ, കൊരട്ടി സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി എന്നിവരിൽ നിന്നും റിപ്പോർട്ടുകൾ ആരാഞ്ഞിരുന്നു. ഹർജിക്കാരിയുടെ സ്ഥിരനിയമനത്തിനുള്ള അപേക്ഷ മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ നിരസിക്കുകയും ടിയാരിയുടെ താല്ക്കാലിക സേവനം അവസാനി പ്പിക്കുകയും ചെയ്തതിനെതിരെ ഹർജിക്കാരി ബഹു. കേരള ഹൈക്കോടതിയെ സമീപിക്കു കയും ബഹു. കേരള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ജോയിന്റ് രജിസ്ട്രാർ ബന്ധപ്പെട്ട എല്ലാവരെയും കേട്ടതിനുശേഷം ഹർജിക്കാരിയുടെ അപേക്ഷ സഹകരണ സംഘം രജിസ്ട്രാർ മുഖേന സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇതൊരു കീഴ്വഴക്കമാകുമെന്നതിനാൽ സർക്കാർ അപേക്ഷ നിരസിച്ചു. തുടർന്ന് ഹർജിക്കാരി ബഹു. മുഖ്യ മന്ത്രിക്കും സഹകരണ വകുപ്പ് മന്ത്രിക്കും സാന്ത്വനസ്പർശത്തി ലൂടെ അപേക്ഷ സമർപ്പിക്കുകയാണ്. ഹർജിക്കാരിയുടെ ദീർഘകാലത്തെ സേവനവും സർവ്വീസ് സഹകരണ ബാങ്ക് ഭരണ സമിതിയുടെ തീരുമാനവും സന്നദ്ധതയും പരിഗ ണിച്ചും മാനുഷിക പരിഗണനയും അനുകമ്പാർഹമായ പരിഗണനയും കണക്കിലെടുത്തും ഹർജിക്കാരിയുടെ അപേക്ഷയിൻമേൽ അനുകൂലമായ തീരുമാനം എടുക്കണമെന്ന് സർക്കാ രിനോട് കമ്മിഷൻ ശുപാർശ ചെയ്യുകയുണ്ടായി.

**5.1.9 വീടും ഉപജീവന മാർഗവും ലഭിക്കണമെന്ന ആവശ്യം സംബന്ധിച്ച്. (എം.സി.ഒ.പി. നം. 12/2022)**

തന്നെയും കുട്ടികളെയും ഭർത്താവ് സംരക്ഷിക്കുന്നില്ല എന്നും ഇപ്പോൾ താമസി ക്കുന്ന ലൈൻവീട് സുരക്ഷിതമല്ലെന്നും പേടിച്ചാണ് ജീവിക്കുന്നതെന്നും ഭർത്താവിൽ നിന്നും ജീവിത ചിലവും, സംരക്ഷണവും കിട്ടണമെന്നും വീടും, സ്ഥലവുമില്ലാത്ത ഹർജി ക്കാരിക്ക് ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകുന്നതിനും കുടുംബശ്രീയിൽ ഉൾപ്പെടുത്തി എന്തെങ്കിലുമൊരു ജോലി നൽകണമെന്നുമാണ് ഹർജിയിൽ ആവശ്യപ്പെട്ടിരി ക്കുന്നത്.

എരുമപ്പെട്ടി പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. കമ്മിഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരിയുടെയും കുട്ടികളുടെയും ഒപ്പം താമസിക്കാൻ നൗഷാദിന് സാധ്യ മല്ലെന്നും മാസം 6000/- രൂപ കൊടുക്കാൻ തയ്യാറാണെന്നും മൊഴി നൽകിയെന്നും അറിയി ക്കുകയുണ്ടായി. വേലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിൽ ലൈഫ് മിഷൻ പദ്ധതിപ്രകാരം അപേക്ഷ നൽകിയാൽ മാനദണ്ഡങ്ങൾ അനുസരിച്ച് വീട് അനുവദിക്കാം എന്നും കുടുംബശ്രീയിൽ ജോലി നൽകുന്നതിന് നിലവിൽ ഒഴിവില്ലയെന്നും പ്രസ്താവിച്ചി രിക്കുന്നു. ഹർജിക്കാരിയുടെ ദൈന്യതയാർന്ന ജീവിതത്തിന്റെ നേർചിത്രം വനിതാ ശിശുവി കസന ഓഫീസർ കമ്മിഷൻ മുമ്പാകെ വിവരിക്കുകയുണ്ടായി. റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശൂർ ജില്ലാ കളക്ടർ അടിയന്തരമായി ഹർജിക്കാ രിയുടെ പരാതിയും വനിതാ ശിശു വികസന ഓഫീസറുടെ റിപ്പോർട്ടും പരിശോധിച്ച് ഹർജിക്കാരിക്ക് റേഷൻകാർഡ് ലഭ്യമാക്കുന്നതിനും പട്ടിണി കൂടാതെ ജീവിക്കുന്നതിനും പ്രായമായ പെൺകുഞ്ഞ് അടക്കമുള്ള രണ്ടു കുട്ടികളുമായി സുരക്ഷിതമായി താമസിക്കുന്ന തിനും അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും, എരുമപ്പെട്ടി പോലീസിനോട് ഒന്നാം എതിർകക്ഷി സമ്മതിച്ച പ്രകാരമുള്ള ചിലവിനുള്ള തുക നൽകുന്നുണ്ടോ എന്നും, കുട്ടികളുടെ ക്ഷേമവും സുരക്ഷിതത്വവും നിരീക്ഷിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ഒന്നാം എതിർകക്ഷിക്കെതിരെ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ച് കമ്മീഷൻ ഉത്തരവായി.

### 5.1.10 ഇടുക്കി താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നുമുള്ള കുടിശിക ഒഴിവാക്കിത്തരുന്നത് സംബന്ധിച്ച്. (എം.സി.ഒ.പി. നം. 58/2022)

ഇടുക്കി പുളിയൻമലക്കരയിലെ എആർഡി നം.83 എന്ന റേഷൻകടയുടെ ലൈസൻസി ശ്രീ തോമസ് സ്കറിയ വാർധക്യകാല അവശതകൾ കാരണം കടയുടെ ദൈനംദിന കാര്യങ്ങൾ നടത്തുന്നതിന് ചന്ദ്രബോസ് എന്ന ജീവനക്കാരനെ ഏൽപ്പിക്കുകയു ണ്ടായി. ചന്ദ്രബോസിന്റെ അറിവോടെ അനധികൃതമായി കടത്തുവാൻ ശ്രമിച്ച നാല് ചാക്ക് പച്ചരി വണ്ടൻമേട് പോലീസ് കസ്റ്റഡിയിലെടുക്കുകയും 30.01.2019 ൽ ഇടുക്കി താലൂക്ക് സപ്ലൈ ഓഫീസർ റേഷൻകടയിൽ സ്റ്റോക്കെടുപ്പ് നടത്തുകയും 1,92,909/- രൂപയുടെ സാധനങ്ങൾ കുറവ് കണ്ടെത്തുകയും ടി തുക അടയ്ക്കുന്നതിന് ഹർജിക്കാരന് നോട്ടീസ് നൽകുകയും ചെയ്തു. 13.04.2022 ൽ കുടിശ്ശിക നിവാരണ അദാലത്തിൽ പങ്കെടുത്ത ഹർജിക്കാരനോട് ഉദ്യോഗസ്ഥൻ പലിശ ഉൾപ്പെടെ മൂന്നരലക്ഷത്തിൽ കവിഞ്ഞ തുക നിർബന്ധമായി അടയ്ക്കണമെന്നും പലിശ ഒഴിവാക്കി ഗഡുക്കളാക്കി തരാമെന്നും പറ ഞ്ഞു. ഹർജിക്കാരന്റെ വരുമാനമില്ലായ്മയും വാർദ്ധക്യവും പരിഗണിച്ച് കുടിശ്ശിക തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നുമാണ് ശ്രീ തോമസ് സ്കറിയ സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

ഇടുക്കി ജില്ലാ സപ്ലൈ ഓഫീസറുടെ റിപ്പോർട്ട് പരിശോധിച്ചതിൽ, ലൈസൻസിക്കാണ് റേഷൻകട നടത്തുവാൻ അംഗീകാരം നൽകുന്നത് എന്നും ടി നടത്തിപ്പ് ചന്ദ്രബോസിനെ ഏൽപ്പിച്ച നിരുത്തരവാദപരമായ പ്രവൃത്തിമൂലമാണ് ടി തുക അടയ്ക്കുവാൻ ഹർജി ക്കാരൻ ബാദ്ധ്യസ്ഥനാകേണ്ടി വന്നതെന്നും കാണപ്പെട്ടു. ഹർജിക്കാരൻ കുടിശിക തുക യുടെ 3 ഗഡുക്കൾ അടച്ചുകഴിഞ്ഞുവെന്നും, ഹർജിക്കാരന്റെ വരുമാനമില്ലായ്മയും വാർദ്ധ ക്യവും കണക്കിലെടുത്ത് ടിയാൻ അടയ്ക്കാനുള്ള 4-ാം ഗഡുവായ 50,000/- രൂപ ഗഡുക്ക

ളായി തിരിച്ചടയ്ക്കുവാനുള്ള സാവകാശം ഹർജിക്കാരന് നൽകുവാൻ ഇടുക്കി ജില്ലാ സപ്ലൈ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവായി.

**കമ്മിഷന്റെ ക്യാമ്പ് സിറ്റിംഗുകൾ**

കമ്മിഷന് ലഭിച്ച പ്രത്യേക പരാതികളിന്മേൽ അന്വേഷണം നടത്തി പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിനായി റിപ്പോർട്ട് കാലയളവിൽ വിവിധ ജില്ലകളിലായി 16 ക്യാമ്പ് സിറ്റിങ്ങുകൾ സംഘടിപ്പിച്ചിട്ടുണ്ട്. സിറ്റിങ്ങുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ജില്ലാ | സിറ്റിങ്ങുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | - |
| കൊല്ലം | 2 |
| ആലപ്പുഴ, പത്തനംതിട്ട മേഖലകൾ | 1 |
| കോട്ടയം, ഇടുക്കി മേഖലകൾ | 1 |
| എറണാകുളം | 1 |
| തൃശൂർ, പാലക്കാട് മേഖലകൾ | 8 |
| മലപ്പുറം | - |
| കോഴിക്കോട്, വയനാട്, | - |
| കണ്ണൂർ, കാസർഗോഡ് മേഖലകൾ | 3 |
| **ആകെ** | **16** |

**കമ്മിഷൻ നടത്തിയ സെമിനാറുകൾ, മീറ്റിംഗുകൾ**

ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുകയും സെമിനാറുകൾ, സിമ്പോസിയം, ബോധവത്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുക എന്നത് കമ്മിഷന്റെ ചുമതലയിൽപ്പെട്ടതാണ്. റിപ്പോർട്ട് കാലയളവിൽ എറണാകുളം ജില്ലയിലെ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി 04.08.2022ൽ ആലുവയിൽ വെച്ച് ഒരു സെമിനാർ നടത്തുകയുണ്ടായി.

**കമ്മിഷൻ നടത്തിയ സെമിനാറുകൾ**

| ജില്ല | തീയതി |
|---|---|
| എറണാകുളം | 04.08.2022 |

**കമ്മിഷൻ നടത്തിയ സ്ഥലസന്ദർശനങ്ങളും റിപ്പോർട്ടുകളും**

ഹർജിക്കാരനായ തൃശൂർ കരിക്കാട് ജുമാ മസ്ജിദ്, നൂറുൽ ഇസ്ലാം മദ്രസ കമ്മിറ്റി പ്രസിഡന്റ് സമർപ്പിച്ച ഹർജി (എം.സി.ഒ.പി. നം. 127/2022) യിലെ ആക്ഷേപം പരിഹരിക്കുന്നതിന്റെ ഭാഗമായി ആരോപണങ്ങളുടെ സത്യാവസ്ഥ മനസ്സിലാക്കുന്നതിന് 2023 ജനുവരി മാസം 21-ാം തീയതി കമ്മിഷനിൽ നിയുക്തശ്മശാനഭൂമിയിൽ നേരിട്ട് പരിശോധന നടത്തുകയുണ്ടായി. പരിശോധനാ സമയത്ത് ഹർജിക്കാരനും മഹല്ല് കമ്മിറ്റിയിലെ മറ്റ് അംഗങ്ങളും വില്ലേജ് ഓഫീസർ, എൻവയൺമെന്റൽ എൻജിനീയർ, കടവല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ മെഡിക്കൽ ഓഫീസർ, കുന്നംകുളം സബ് ഇൻസ്പെക്ടർ എന്നിവരും സ്ഥലത്ത് സന്നിഹിതരായിരുന്നു. തുടർന്ന് സ്ഥലത്തു വെച്ചു തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്മശാന ഭൂമിക്ക് അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കാൻ ജില്ലാ മെഡിക്കൽ ആഫീസർക്കും തൃശൂർ ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകി ഹർജി തീർപ്പാക്കുകയുണ്ടായി.

**<u>ന്യൂനപക്ഷ ദിനാചരണം</u>**

1992 ഡിസംബർ 18-ലെ ഐക്യരാഷ്ട്ര സഭയുടെ ന്യൂനപക്ഷാവകാശങ്ങളെക്കുറിച്ചുള്ള പ്രഖ്യാപനം ആഗോളതലത്തിൽ ശ്രദ്ധേയമാണ്. അതിനെതുടർന്ന് എല്ലാ വർഷവും അന്നേ ദിവസം ദേശീയ ന്യൂനപക്ഷ ദിനമായി ആചരിച്ചുവരുന്നു.

**പട്ടിക 6**

| | | |
|---|---|---|
| 1 | ഭീകര വിരുദ്ധ ദിനം | 21.05.2022 |
| 2 | കേരള സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ വാർഷികം | 10.06.2022 |
| 3 | സ്വാതന്ത്ര്യദിനം | 15.08.2022 |
| 4 | മനുഷ്യാവകാശ ദിനം | 10.12.2022 |
| 5 | റിപ്പബ്ലിക് ദിനം | 26.01.2023 |
| 6 | രക്തസാക്ഷിദിനം | 30.01.2023 |

## അദ്ധ്യായം 6
## കോടതികളിലോ ട്രൈബ്യൂണലുകളിലോ കമ്മിഷനോ / കമ്മിഷനെതിരായോ ഫയൽ ചെയ്ത കേസുകൾ

| | |
|---|---|
| കമ്മിഷൻ ഫയൽ ചെയ്ത കേസുകൾ | ഇല്ല |
| കമ്മിഷനെതിരെ ഫയൽ ചെയ്ത കേസുകൾ | ഇല്ല |

## അദ്ധ്യായം 7
## മറ്റ് പ്രസക്ത വിവരം

### 8.1. വിവരാവകാശനിയമ പ്രകാരമുള്ള നടപടികൾ

വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ പ്രസ്തുത നിയമം അനുശാസിക്കുന്ന വിധം നടപടി സ്വീകരിക്കുന്നുണ്ട്. റിപ്പോർട്ട് വർഷത്തിൽ വിവരാവകാശ നിയമപ്രകാരം **20** അപേക്ഷകൾ കമ്മിഷനിൽ ലഭിക്കുകയും അതിൽ യഥാവിധി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

റിപ്പോർട്ട് കാലയളവിൽ ചുവടെ പരാമർശിക്കുന്ന ഉദ്യോഗസ്ഥരെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 1 | അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ (സെക്ഷൻ ഓഫീസർ) | 1. ശ്രീ. നൗഷാദ് എം. (06/09/2021 മുതൽ 05/08/2022 വരെ)<br>2. ശ്രീ. ഹരികുമാർ ബി. (22/10/2022 മുതൽ) |
| 2 | സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ (ഫിനാൻസ് ഓഫീസർ) | ശ്രീ. ജയ്മോഹൻ എൻ. |
| 3 | അപ്പീൽ അധികാരി (രജിസ്ട്രാർ) | ശ്രീ. സുരേഷ് കുമാർ എസ്. |

## അദ്ധ്യായം 8
## ഉപസംഹാരം

കേരളത്തിലെ ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടിയാണ് ന്യൂനപക്ഷ കമ്മിഷൻ പ്രവർത്തിക്കുന്നത്. ന്യൂനപക്ഷ കമ്മിഷൻ ആക്ട് പ്രകാരം കമ്മിഷൻ നിർവ്വഹിക്കേണ്ട ചുമതലകൾ നിറവേറ്റുന്നതിനായി കമ്മിഷൻ പ്രത്യേകം ശ്രദ്ധിക്കുന്നു. പ്രത്യേകിച്ച് ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായുള്ള അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പ്രത്യേക പരാതികളിന്മേൽ കമ്മിഷൻ അടിയന്തരമായി അന്വേഷണം നടത്തി പരിഹാര നടപടികൾ നിർദ്ദേശിച്ചുവരുന്നു.

മേൽപറഞ്ഞ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി റിപ്പോർട്ട് കാലയളവിൽ കമ്മിഷൻ സിറ്റിംഗുകൾ നടത്തി 73 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള നിരവധി പരാതികളിൽ കമ്മിഷന്റെ ഇടപെടൽ കൊണ്ട് പരിഹാരം ഉണ്ടായിട്ടുണ്ട്. കൂടാതെ കേരളത്തിലെ വിവിധ ജില്ലകളിൽ ന്യൂനപക്ഷങ്ങൾക്കായി റിപ്പോർട്ട് കാലയളവിൽ ഒരു സെമിനാറും 16 സിറ്റിങ്ങുകളും സംഘടിപ്പിച്ചു.

2013-ൽ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ നിലവിൽ വരികയും 21.10.2020-ലെ സ.ഉ.(അ)നം.14/2020/പൊ.ഭ.വ.(എസ്.ആർ.ഒ.നം.771/2020) പ്രകാരം 2013 മേയ് 15-ാം തീയതി പ്രാബല്യത്തിൽ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മിഷന് തിരുവനന്തപുരത്തെ ശാസ്തമംഗലത്തുള്ള ആസ്ഥാനമന്ദിരമല്ലാതെ സംസ്ഥാനത്ത് മറ്റ് ഓഫീസുകൾ ഒന്നുംതന്നെയില്ല. മാത്രമല്ല വളരെ കുറഞ്ഞ സ്റ്റാഫ് അംഗങ്ങൾ മാത്രമാണ് കമ്മിഷനിലുള്ളത്. സർക്കാർ ഓരോ വർഷവും ബജറ്റിലൂടെ അനുവദിക്കുന്ന പരിമിതമായ ഗ്രാന്റ് ഇൻ എയ്ഡ് മാത്രമാണ് ഏക സാമ്പത്തിക സ്രോതസ്സ്. കമ്മിഷൻ ഓഫീസിൽ ഒരു റിസർച്ച് ഓഫീസർ, പബ്ലിക് റിലേഷൻ ഓഫീസർ എന്നീ തസ്തികകളുടെ അഭാവം ഉണ്ട്. കൂടാതെ കമ്മിഷൻ ഓഫീസിൽ ടൈപ്പിസ്റ്റിന്റെ തസ്തികകൾ അനുവദിച്ചു നൽകിയിട്ടില്ലാത്തതിനാൽ ടൈപ്പിങ് സംബന്ധമായ ജോലികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുകയാണ്.

ന്യൂനപക്ഷ കമ്മിഷൻ ആക്ട് പ്രകാരമുള്ള ആവശ്യങ്ങൾക്ക് വിനിയോഗിക്കപ്പെടുന്നതിനായി വേണ്ടിവരുന്ന തുക ഗ്രാന്റായി സർക്കാർ കമ്മിഷന് നൽകുന്നു. എന്നാൽ സർക്കാർ അനുവദിക്കുന്ന തുക വളരെ പരിമിതമാണ്. ആയതിനാൽ കമ്മിഷന്റെ സുഗമമായ പ്രവർത്തനത്തിന് കൂടുതൽ തുക ഗ്രാന്റായി കമ്മിഷന് ബജറ്റ് വിഹിതത്തിൽ വർദ്ധനവ് നൽകേണ്ടതുണ്ട്. കേരളത്തിലെ 14 ജില്ലകളിലും കമ്മിഷൻ ക്യാമ്പ് സിറ്റിങ്ങുകൾ സംഘടിപ്പിക്കുന്നുണ്ട്.

പരിമിതമായ ഭൗതികസാഹചര്യങ്ങളാണ് ഇപ്പോൾ കമ്മിഷന് ഉള്ളതെങ്കിലും ന്യൂനപക്ഷങ്ങളുടെ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണ ത്തിനും വേണ്ടി സാദ്ധ്യമാകുന്നതെല്ലാം കമ്മിഷൻ നിറവേറ്റിക്കൊണ്ടിരിക്കുകയാണ്. വരും കാലങ്ങളിലും അത്തരം കാര്യങ്ങൾ  പരമാവധി തുടരുന്നതായിരിക്കും.

**കുമാരി ബീന വി.റ്റി.**
മെമ്പർ സെക്രട്ടറി